**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4839** **13-03-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് മത്സ്യ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തുന്നുണ്ട്. സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തു ന്നതിന് നടത്തി വരുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**തീരോന്നതി പദ്ധതി**<br><br>സംസ്ഥാനത്തെ മത്സ്യബന്ധ മേഖലയുമായി ബന്ധപ്പെട്ട മത്സ്യ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തു ന്നതിനായി ആവിഷ്കരിച്ച നടപ്പാക്കിയ ബൃഹത് പദ്ധതിയാണ് "തീരോന്നതി." പ്രവർത്തനമികവ് പുലർത്തുന്നതും എന്നാൽ സാമ്പത്തിക അരക്ഷിതാവസ്ഥ നേരിടുന്നതും ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ട് പോകുന്നതിനായി 2019 മുതലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതനുസരിച്ച് മത്സ്യസംഘങ്ങളെ ശാക്തീകരി ക്കുന്നതിനായി സെക്രട്ടറിയുടെ വേതനം ഇനത്തിൽ പ്രതിമാസം 10,000/- രൂപ, കെട്ടിട വാടക ഇനത്തിൽ പരമാവധി 3000/- രൂപ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പരമാവധി 45000/- രൂപ കെട്ടിട നിർമ്മാണത്തിന് പരാമവധി 5 ലക്ഷം രൂപ എന്നിങ്ങനെ ഫിഷറീസ് വകുപ്പ് മുഖേന സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.<br><br>പ്രാഥമിക സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ മത്സ്യഫെഡ് മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

**1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി**

മത്സ്യ ബന്ധന ഗ്രൂപ്പുകൾക്ക് പ്രാഥമിക സംഘങ്ങൾ വഴി പലിശരഹിത വായ്പ നൽകുന്ന ഈ പദ്ധതിയിൽ മത്സ്യത്തൊഴി ലാളികൾക്ക് 15% സബ്സിഡിയും, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 12.50% ഓഹരി മൂലധനവും നൽകുന്നു. 2021-22 വർഷം ഈ പദ്ധതിയിൽ 35 കോടി രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രാഥമിക സംഘങ്ങൾക്ക് ഓഫീസ് കം-ഗോഡൗൺ, ചിൽ റൂം എന്നിവ ഈ പദ്ധതിയിൽ വായ്പയായി നൽകുന്നുണ്ട്.

**2. തീരദേശ ലേല സമ്പ്രദായം**

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ നടത്തുന്ന തീരദേശ ലേലം വഴി 323.62 കോടി രൂപയുടെ മത്സ്യം 2021-22 വർഷം ലേലം ചെയ്യുകയുണ്ടായി. 2022-23 വർഷം 31/01/2023 വരെ 398.94 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. തീരദേശ ലേലം നടത്തുന്നതിന് സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകി വരുന്നു.

**3. മൈക്രോഫിനാൻസ് വായ്പ പദ്ധതി**

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള മൈക്രോ ഫിനാൻസ് വായ്പ പദ്ധതിയിൽ സ്വയം സഹായ ഗ്രൂപ്പുകൾക്ക് 2021-22 വർഷം 17892 ഗുണഭോക്താക്കൾക്ക് 57.56 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 1% പലിശ സംഘങ്ങൾക്ക് മാർജിനായി ലഭിക്കുന്നുണ്ട്.

**4. മത്സ്യകച്ചവട വനിതകൾക്കുള്ള പലിശ രഹിത വായ്പാ പദ്ധതി**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി 2021-22 വർഷം 5566 സ്ത്രീകൾക്ക് മത്സ്യകച്ചവടത്തിനായി 10.60 കോടി രൂപ പലിശ രഹിത വായ്പയായി വിതരണം ചെയ്തു. ഈ പദ്ധതിയിൽ 1% പലിശ മാർജിൻ സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട്.

**5.സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി**

| | | | |
|---|---|---|---|
| | | | മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വായ്പ നൽകി സംഘങ്ങളെ ശാക്തീകരിക്കുന്ന ഈ പദ്ധതി 2021-22 വർഷം മുതൽ നടപ്പിലാക്കുന്നു. ഇതുവരെ 43 സംഘങ്ങൾക്ക് 160 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>**<u>6. മത്സ്യഫെഡ് വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**<br><br>മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴി ലാളികൾക്ക് നൽകിയിട്ടുള്ളതും 31/03/2020-ൽ കാലാവധി കഴിഞ്ഞിട്ടുള്ളതുമായ വായ്പകളിൽ പലിശയും, പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക മാത്രം അടപ്പിച്ചുകൊണ്ട് വായ്പാ കണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ അദാലത്തുകൾ നടത്തി ഗുണഭോക്താക്കളുടെ വായ്പകൾ തീർപ്പാക്കു ന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവഴി സംഘങ്ങളുടെ തിരിച്ചടവ് വർദ്ധിക്കുകയും തുടർ വായ്പ ലഭിക്കുന്നതിന് യോഗ്യത നേടുകയും ചെയ്യുന്നു.<br><br>**<u>7. മത്സ്യവിപണനം</u>**<br>മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യങ്ങൾ അവർ അംഗങ്ങളായുള്ള സഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് മത്സ്യഫെഡ് ശേഖരിച്ച് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ (ബേസ് സ്റ്റേഷൻ) എത്തിച്ച്, അവിടെ നിന്നും മത്സ്യഫെഡ് മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങുന്നതിലൂടെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചനം ലഭിക്കുകയും, മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ലഭ്യമാക്കുന്ന സാഹചര്യവും ഉണ്ടാകുന്നു. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## A. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1.സമ്പാദ്യ സമാശ്വാസ പദ്ധതി

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ 1,83,541 പേർക്ക് ഗുണഭോക്തൃ വിഹിതത്തിന് ആനുപാതികമായി 26.3625 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചു.

2.തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.

തീരദേശത്ത് കടലാക്രമണത്തിൽ ജീവനും സ്വത്തിനും സുരക്ഷിതമല്ലാതെ കഴിഞ്ഞുവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി 2,450 കോടി രൂപ അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു.

3.വിദ്യാഭ്യാസ സഹായ പദ്ധതികൾ.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു. +2 മുതലുള്ള കുട്ടികൾക്ക് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാതീരം പദ്ധതി മുഖേന സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നടത്തി വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ പഠനവും താമസ സൗകര്യവും നൽകി വരുന്നു.

4.മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷുറൻസ് പദ്ധതി.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനയാനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം മുതൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ 2758 യാനങ്ങൾക്കുള്ള പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

5. ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

6. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 FRP യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ എൽ.പി.ജി കിറ്റ് ഘടിപ്പിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് LPG കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തു വരുന്നു.

7. കടൽ സുരക്ഷ പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ജി.പി.എസ്സ്, ലൈഫ്ബോയ്, എക്കോസൗണ്ടറുകൾ, DAT, നാവിക് ഉപകരണങ്ങൾ, എന്നിവ നൽകി വരുന്നു.

8. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്.

9. ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

10. മറൈൻ ആംബുലൻസുകൾ

അതിവേഗം രക്ഷാ പ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു.

11. ടൗട്ടേ ചുഴലിക്കാറ്റ്, 2021 ഒക്ടോബർ, നവംബർ മാസങ്ങളിലെ കനത്ത മഴയെത്തുടർന്നുള്ള കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം തൊഴിൽ നഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം ലഭ്യമാക്കി.
കൂടാതെ 2022 ൽ പ്രതികൂല കാലാവസ്ഥ കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട 1,66,756 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50.027 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

12. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)
ഫിഷറീസ് വകുപ്പും കെ.എസ്.ആർ.ടി.എസിയുമായി ചേർന്ന് വനിത മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകം ബസ് സൗകര്യം ഒരുക്കുന്നതിനുള്ള സമുദ്ര പദ്ധതി നടപ്പിലാക്കി വരുന്നു.

13. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി സാന്ത്വന തീരം പദ്ധതി

**ഓഖി പുനരധിവാസ പദ്ധതികൾ.**

<u>ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും</u>

ഓഖി ദുരന്തത്തിൽ മരണപ്പെട്ട / കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകി.

**B. <u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ</u>.**

1) ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
2) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3) വിവാഹ ധനസഹായ പദ്ധതി
4) മത്സ്യത്തൊഴിലാളികൾക്ക് ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി
5) വാർദ്ധക്യകാല പെൻഷൻ
6) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി

7) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

8) എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന വർക്ക് ക്യാഷ് അവാർഡ്

9) കുടുംബ സംവിധാന പദ്ധതി

10) മാരക രോഗ ചികിത്സാ പദ്ധതി

11) ചെയർമാൻസ് റിലീഫ് ഫണ്ട്

12) പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

13) ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

14) വിധവ പെൻഷൻ

15)കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി

16) ബോർഡിന്റെ പ്രത്യേക ധനസഹായം

17) തണൽ

18) സാന്ത്വന തീരം

C. **<u>മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.</u>**

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.സി)

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻബി.സി.എഫ്.ഡി.സി.)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ

   a. ടേം വായ്പകൾ
   b. മൈക്രോഫിനാൻസ് വായ്പ
   c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

4. വലകൾക്കുള്ള സബ്സിഡി പദ്ധതി

5. നാടൻ വള്ളങ്ങളുടെ നവീകരണം

6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

7. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

8. ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി (PMMSY)

9. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

10. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

11. മത്സ്യത്തൊഴിലാളി ക്ഷേമനിധി

12. മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

13. മത്സ്യവിപണനം

## D. <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.</u>

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം **(Development of Micro Enterprises)**
2. JLG project for Ensuring Livelihood Security of Fisher women in Kerala
3. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്
4. സ്നേഹതീരം പദ്ധതി
5. Model Peeling Unit

## E. <u>കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപ്പിലാക്കുന്ന പദ്ധതികൾ</u>

മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2008 ഡിസംബർ 31 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കെടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത്.